(സി) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിന് നിലവിലുള്ള മുൻഗണനാ പട്ടികയിൽ കല്ലിക്കണ്ടി ഉൾപ്പെടുത്തിയിട്ടില്ല. ടി പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലവും സൗകര്യങ്ങളും സൗജന്യമായി ലഭ്യമാകുകയും ഫണ്ട് ലഭിക്കുകയും ചെയ്താൽ ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

അമ്പലപ്പുഴയിൽ ഫയർ സ്റ്റേഷൻ

52 [136] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിന് നിലവിലുള്ള മുൻഗണനാപട്ടികയിൽ അമ്പലപ്പുഴ ഉൾപ്പെടുത്തിയിട്ടില്ല. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലവും സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കുകയും ചെയ്താൽ ആവശ്യമായ ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം

53 [137] *ശ്രീ. തോമസ് ചാഴികാടൻ:*
„ *കെ. നാരായണക്കുറുപ്പ്:*
„ *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ച് വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) ഈ സംവിധാനം എന്നത്തേക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)—(ഡി) കേരളത്തിലെ ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധപ്പെടുത്തി വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 19 കോടതികളെയും, തിരുവനന്തപുരം സെൻട്രൽ ജയിൽ, ജില്ലാ ജയിൽ എന്നിവയുമായി ബന്ധപ്പെടുത്തിയുള്ള സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി നടപ്പു സാമ്പത്തികവർഷത്തിൽ രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്.

മാറാട് കലാപവുമായി ബന്ധപ്പെട്ട സഹായനിധി

54 [142] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ദുരിതാശ്വാസ നിധിയിൽനിന്ന് എത്ര തുക ചെലവ് ചെയ്തെന്ന് വിശദമാക്കാമോ;

(ബി) ഈ ആവശ്യത്തിലേക്കായി പ്രത്യേക ദുരിതാശ്വാസനിധിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) മാറാട് സഹായനിധിയിലേക്കോ ദുരിതാശ്വാസ നിധിയിലേക്കോ പുറമേനിന്നും എത്ര തുക സംഭാവനയായി ലഭിച്ചിട്ടുണ്ട്;

(ഡി) എങ്കിൽ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് സംഭാവന നൽകിയതെന്നും എത്ര തുകവീതമാണെന്നും വ്യക്തമാക്കാമോ;

(ഇ) സർക്കാരിനു പുറമേ ഏതെങ്കിലും സംഘടനകൾ സ്വദേശത്തുനിന്നും വിദേശത്തുനിന്നും സംഭാവനകൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതെല്ലാം സംഘടനകൾ എത്ര തുകവീതം പിരിച്ചെടുത്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാറാട് കലാപവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 2,34,00,000 രൂപ (രണ്ടുകോടി മുപ്പത്തിനാല് ലക്ഷം രൂപ) കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി)—(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly